## ഇതര സംസ്ഥാനത്തൊഴിലാളികൾക്കുള്ള സാമൂഹ്യ ക്ഷേമ നടപടികൾ

249(5118) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനത്തൊഴിലാളികളായി എത്ര പേർ കേരളത്തിൽ തൊഴിലെടുക്കുന്നുണ്ട്; സംസ്ഥാനങ്ങൾതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കേരളത്തിൽ തൊഴിലിനായി എത്തുന്ന ഇത്തരം തൊഴിലാളികളുടെ ആരോഗ്യ പരിശോധന, പോലീസ് വെരിഫിക്കേഷൻ എന്നിവ നടത്താറുണ്ടോ;

(സി) ഏതെല്ലാം സാമൂഹ്യക്ഷേമ നടപടികളാണ് ഇപ്പോൾ ഇവർക്കായി സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കേരളത്തിൽ ആകെ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നു എന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പ് ഒരു സമ്പൂർണ്ണ കണക്കെടുപ്പ് നടത്തിയിട്ടില്ല. എന്നാൽ ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 192375 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 31-12-2017 വരെ 55289 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ സംസ്ഥാനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയം ഭരണവകുപ്പ്) ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് ആരോഗ്യവും ശുചിത്വവുമായി ബന്ധപ്പെട്ട് ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ(സാധാ.) 960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതരസംസ്ഥാനങ്ങളിൽ നിന്നുംവരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേയ്ക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. ടി ക്ഷേമപദ്ധതി പ്രകാരം ചികിത്സാ സഹായം (25,000 രൂപ), ടെർമിനൽ ബെനിഫിറ്റ് (10,000 രൂപ മുതൽ 25,000 രൂപ വരെ), വിദ്യാഭ്യാസ ആനുകൂല്യം (1,000 മുതൽ 3,000 വരെ), അപകടമരണ ധനസഹായം (50,000 രൂപ), ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം (5,000 രൂപ മുതൽ 15,000 രൂപ വരെ), പ്രസവ ധനസഹായം (15,000 രൂപ) തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് " ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്നത്. ആവാസ് പദ്ധതിയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ 2017 നവംബർ 1 മുതൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു.

## നിർമ്മാണ മേഖലയിലെ തൊഴിലില്ലായ്മ

250(5119) <u>ശ്രീ. സണ്ണി ജോസഫ് :</u>
<u>ശ്രീ. വി. ഡി.സതീശൻ :</u>
<u>ശ്രീ. പി. ടി. തോമസ് :</u>
<u>ശ്രീ. എം. വിൻസെന്റ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ കടുത്ത പ്രതിസന്ധി കാരണം തൊഴിലാളികൾ ബുദ്ധിമുട്ടിലാണെന്നത് വസ്തുതയാണോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് കാരണം ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ തൊഴിൽരഹിതരാകുകയും അവർ സംസ്ഥാനം വിടുന്നതുമായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ കരാറുകാർക്ക് വൻതുക കുടിശ്ശികയായതുമൂലം വികസന പ്രവർത്തനങ്ങൾ സ്തംഭിച്ചതിനാൽ തൊഴിലാളികളുടെ തൊഴിലില്ലായ്മ രൂക്ഷമായിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly